**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6227** **20.11.2019-ലെ മറുപടി**

**കുടിവെള്ളത്തിന്റെ ഗുണനിലവാരം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** | |
| എ) | പ്രളയാനന്തരം ഉണ്ടായ വെള്ളപ്പൊക്കത്തിന് ശേഷം സംസ്ഥാനത്തെ മിക്ക ജില്ലകളിലെയും കിണർ, സമാനമായ മറ്റ് കുടിവെള്ള സ്രോതസ്സുകൾ എന്നിവ മലിനീകരിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽ മലിനമായ കുടിവെള്ളം ഗുണനിലവാരപരിശോധന നടത്താൻ ജലവിഭവ വകുപ്പ് പ്രളയാനന്തര കാലത്ത് നൽകിയ സേവനങ്ങൾ വിശദമാക്കാമോ ; | ബി) | 2018-ലെ വെള്ളപൊക്കത്തിൽ സ്വകാര്യ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെട്ടതു കണക്കിലെടുത്തു അവയുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി ജല അതോറിറ്റിയുടെ സ്ഥിരം ലാബുകൾക്കു പുറമെ ഏഴോളം താത്കാലിക ലാബുകൾ പ്രവർത്തിപ്പിച്ചുകൊണ്ട് സൗജന്യമായി 26645 ജല സാമ്പിളുകൾ പരിശോധിക്കുകയുണ്ടായി. സന്നദ്ധ സംഘടനകൾ ലഭ്യമാക്കിയ മൊബൈൽ ക്ലോറിനേഷൻ യൂണിറ്റുകൾ, പ്യൂരിഫിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയവയുടെ ഉചിതമായ വിതരണത്തിനും, ഇൻസ്റ്റലേഷനും വേണ്ട സാങ്കേതിക പിന്തുണ നൽകി. കൂടാതെ കിണർ ജലത്തിന്റെ പ്രളയാനന്തര ഗുണനിലവാര പരിശോധനയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ കർമപരിപാടിയിൽ ലാബുകളുടെ സേവനം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിക്കു സാധിച്ചു. 2019-ൽ പ്രളയത്തോടനുബന്ധിച്ച് സ്വകാര്യ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെട്ടതു കണക്കിലെടുത്തു അവയുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി ജല അതോറിറ്റിയുടെ 28 ലബോറട്ടറികളിൽ സൗജന്യ കുടിവെള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഇതിലൂടെ 11876 സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. |
| സി) | കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്ക് മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | സി) | നിലവിലുള്ള ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എല്ലാ ലാബുകൾക്കും NABL അംഗീകാരം നേടിയെടുക്കുന്നതിലാണ് ഇപ്പോൾ അതോറിറ്റി ഊന്നൽ നൽകിയിരിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്ക് മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ